**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**
**(ജൂൺ 05 – ജൂൺ 11, 2020)**
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2020 – 24** **Dt. 04.06.2020**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

നെല്ലിന്റെ വിരിപ്പു കൃഷിക്കായുള്ള ഞാറ് 4–5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ തുടങ്ങിയവ ഉണ്ടാവുന്നതിനെ പ്രതിരോധിക്കാം. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി ലായനി ഉണ്ടാക്കാം.

പച്ചക്കറികൾ നടാനുള്ള സമയമാണിത്. കുഴികൾ എടുത്ത്, സെന്റൊന്നിന് രണ്ടര ക്കിലോ കുമ്മായം ഇട്ട് ഒരാഴ്ച്ച കഴിഞ്ഞ് പച്ചിലയും കാലിവളവും ചേർക്കണം. ഉദ്ദേശം മൂന്നാഴ്ച്ച കഴിഞ്ഞ് തൈകൾ നടാം. മഴക്കാലത്ത് ഉയർന്ന വാരങ്ങളിലോ കൂനകളിലോ വേണം വിത്ത് ഇടേണ്ടതും തൈ നടേണ്ടതും. മുളക്, വഴുതന, പച്ചചീര, വെണ്ട തുട ങ്ങിയ വിളകൾ വർഷക്കാലത്ത് നടാൻ യോജിച്ചവയാണ്. അടുക്കളത്തോട്ടത്തിൽ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം. സെന്റിന് 100 കി.ഗ്രാം എന്ന തോതിൽ ജൈവവളം വേണ്ടി വരും. കാലിവളം, കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, എല്ല്പൊടി, പച്ചില, ചാരം, വിവിധതരം പിണ്ണാക്കുകൾ തുടങ്ങിയവ ഉപയോഗിക്കാം. ജൈവവളങ്ങളോടൊപ്പം രാസവളങ്ങളും നൽകാം. സെന്റൊന്നിന് 1 കിലോഗ്രാം യൂറിയ, 1.25 കി.ഗ്രാം മസ്സൂറി ഫോസ്, 500 ഗ്രാം പൊട്ടാഷ് ഇവ പല തവണകളായി ചേർത്തുകൊടുക്കാം. നേർവള ങ്ങൾക്കു പകരം പച്ചക്കറി വിളകൾക്കായുള്ള മിശ്രിതവും ചേർക്കാം. നൈട്രജൻ വള ങ്ങൾ കൂടുതലുപയോഗിക്കുന്നത് രോഗകീടങ്ങൾക്ക് വഴിയൊരുക്കും.

ഇടവപ്പാതി തുടങ്ങുന്നതോടെ ഉയർന്ന തവാരണകൾ ഉണ്ടാക്കി വിത്തുതേങ്ങകൾ പാകാം. വെള്ളം കെട്ടിനിൽക്കാതിരിക്കാൻ നീർവാർച്ച സൗകര്യം ഉറപ്പുവരുത്തണം. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ 2 ഗ്രാം ഒരു പായ്ക്കറ്റിൽ, 3 എണ്ണം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക.

ബാക്ടീരിയ മൂലമുണ്ടാകുന്ന വാട്ടരോഗം മഴക്കാലത്ത് ഇഞ്ചിയിൽ കണ്ടു വരുന്ന പ്രധാന രോഗമാണ്. ചെടികൾ പെട്ടെന്ന് വാടുകയും കടചീയുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണം. ‘പച്ചവാട്ടം’ എന്നറിയപ്പെടുന്ന ഈ രോഗം നിയന്ത്രിക്കുന്നതിനായി ആദ്യം രോഗം ബാധിച്ചവ പിഴുത് മാറ്റിയശേഷം കുമ്മായം സെന്റൊന്നിന് 2.5 കിലോ വീതം ഇടണം എന്നിട്ട് ഒരാഴ്ച്ച കഴിഞ്ഞ് 1 കിലോഗ്രാം സ്യൂഡമോണാസ് 20 കിലോഗ്രാം

ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോ മണലുമായി ചേർത്ത് രോഗം ബാധിച്ച തടങ്ങളിലും അതിനു ശേഷം ചുറ്റുമുള്ള തടങ്ങളിലും ഇട്ട് കൊടുക്കണം.

കുരുമുളകിലെ ദ്രുതവാട്ട രോഗത്തിന് മുൻകരുതലായി രണ്ട് കിലോ ട്രൈക്കോഡർമ്മ, 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. ഒരു മാസത്തിന് ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക.

കമുകിൻ തൈകൾ ഈ മാസത്തിലും നടാം. നല്ല തൈ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇലകൾ കൂടുതലുള്ളതും അധികം പൊക്കം ഇല്ലാത്തതുമായ തൈകൾ തെരഞ്ഞെടുക്കണം. മംഗള, സുമംഗള, ശ്രീമംഗള, മോഹിത് നഗർ എന്നിവ ഉല്പാദനശേഷി കൂടിയ ഇനങ്ങളാണ്. കുമിൾ രോഗത്തിനെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം പശ ചേർത്ത് തളിച്ചു കൊടുക്കണം. തോട്ടത്തിലെ നീർവാർച്ച മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

വാഴകളിൽ കാണപ്പെടുന്ന ഇലപ്പുള്ളി രോഗം നിയന്ത്രിക്കാനായി രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി നശിപ്പിച്ച ശേഷം ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം സാൻഡോവിറ്റ് എന്ന പശ രണ്ട് മി.ലി, ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് ഇലയുടെ രണ്ട് വശത്തും വീഴത്തക്കവണ്ണം തളിച്ചു കൊടുക്കണം. അല്ലെങ്കിൽ സ്യൂഡോ മോണാസ് എന്ന ബാക്ടീരിയ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കുന്നത് ഈ രോഗം വരാതിരിക്കാനും നിയന്ത്രിക്കാനും നല്ലതാണ്.

<u>അറിയിപ്പ്</u>

1. കോവിഡ് – 19 എന്ന മഹാമാരി വലിയ രീതിയിൽ ആഘാതം സൃഷ്ടിച്ച ഒരു മേഖലയാണ് കൃഷി. ഈ അവസരത്തിൽ കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി കേരള കാർഷിക സർവ്വകലാശാല, വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, സമൂഹ മാധ്യമമായ ഫേസ്ബുക്കിലൂടെ കർഷകരിലേയ്ക്കെത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുക.
2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ ഏതുതരം പഴം പച്ചക്കറിയും സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

നിബന്ധനകൾ

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.
6. കൂടുതൽ വിവരങ്ങൾക്ക് 0487 2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

3. ഈ വർഷം ഓണത്തോടനുബന്ധിച്ച് ചെണ്ടുമല്ലി, വാടാമല്ലി എന്നിവ കൃഷി ചെയ്യാനാഗ്രഹിക്കുന്നവർക്ക്, തൈകൾക്കായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ഫ്ളോറിക്കൾച്ചർ ആന്റ് ലാന്റ്സ്കേപ്പിംഗ് വിഭാഗത്തിൽ ജൂൺ 10–ാം തിയ്യതിക്കുള്ളിൽ ബുക്ക് ചെയ്യാവുന്നതാണ്. കുറഞ്ഞത് 100 തൈകളോ അതിൽ കൂടുതലോ ആവശ്യമുള്ളവർ മാത്രം ബുക്ക് ചെയ്താൽ മതിയാകും. തൈകൾക്ക് വരുന്ന തുകയുടെ പകുതി തുക മുൻകൂറായി അടയ്ക്കേണ്ടതാണ്.

വില – തൈ ഒന്നിന്

1. ചെണ്ടുമല്ലി – സങ്കരയിനം – 4 രൂപ
2. ചെണ്ടുമല്ലി – സാധാരണ ഇനം – 2 രൂപ
3. വാടാമല്ലി – 2 രൂപ.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പോടേണ്ട ഫോൺ നമ്പർ – 9446058811, 9847649220.

ഒപ്പ്/–
പ്രൊഫസർ & ഹെഡ്